(സി) ഒരു പ്രദേശത്തെ ജനങ്ങൾ കഴിഞ്ഞ അഞ്ചുവർഷത്തിലെറെ യായി അനുഭവിക്കുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് ഇക്കാര്യത്തിൽ അടിയ ന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ഈ പണിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്, എന്നാൽ ആദ്യത്തെ കരാറുകാരൻ കൊല്ലം കോടതിയിൽ നൽകിയിട്ടുള്ള കേസ്സിന്റെ വിധി വന്നതിനുശേഷമേ പുതിയ എസ്റ്റിമേറ്റ് അനുസരിച്ച് ടെണ്ടർ വിളിച്ച് പണി തുടങ്ങാൻ കഴിയുകയുള്ളൂ.

(സി) സ്വീകരിക്കുന്നതാണ്.

(1860) ചൂരവടിക്കടവ് പാടശേഖരത്തിൽ ബണ്ട് കം ബ്രിഡ്ജ് പണി

ശ്രീ. ഉമ്മൻചാണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ പനച്ചിക്കാട് പഞ്ചായത്തിൽ ചൂരവടിക്കടവ് പാടശേഖരത്തിൽ ബണ്ട് കം ബ്രിഡ്ജ് പണിയുന്നതിനുള്ള എസ്റ്റിമേറ്റിന് എന്നാണ് ഭരണാനുമതി നൽകിയത്;

(ബി) ഇതു ടെണ്ടർ ചെയ്തിരുന്നോ;

(സി) എങ്കിൽ എന്നാണ് ടെണ്ടർ ചെയ്തത്;

(ഡി) ടെണ്ടർ റദ്ദ് ചെയ്യുവാൻ എന്താണ് കാരണം;

(ഇ) ഇതിന്റെ പുതുക്കിയ എസ്റ്റിമേറ്റ് എടുത്തിട്ടുണ്ടോ;

(എഫ്) ഈ പണി വീണ്ടും ടെണ്ടർ ചെയ്യുവാനും പണി എത്രയും വേഗം നടത്തിക്കുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(എഫ്) ഈ പ്രവൃത്തി ജലസേചന വകുപ്പു മുഖേന ഏറ്റെടുത്തിട്ടില്ല. എന്നാൽ പനച്ചിക്കാട് ഗ്രാമപഞ്ചായത്തു മുഖേന പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിനുള്ള നടപടികൾ നടന്നു വരുന്നുണ്ട്.

(1861) പുന്നക്കൽ ചുങ്കം കളത്തിൽകടവ് ബണ്ട് നിർമ്മാണം

ശ്രീ. ഉമ്മൻചാണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ പുന്നയ്ക്കൽ ചുങ്കം കളത്തിൽക്കടവ് ബണ്ട് നിർമ്മാണം ആരംഭിച്ചുവോ;

(ബി) ബണ്ടിന്റെ കരാർ എത്ര രൂപയ്ക്കാണ് ഉറപ്പിച്ചുകൊടുത്തിരിക്കുന്നത്;

(സി) ഈ ബണ്ട് എപ്പോൾ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ ബണ്ടിന്റെ നിർമ്മാണ പ്രവർത്തനം റവന്യൂ അധികാരികൾ നിർത്തിവെച്ചുവോ;

(ഇ) എങ്കിൽ എത്രദിവസത്തെ പണിയാണ് ഇതു നിമിത്തം നടക്കാതെപോയത്;

(എഫ്) നിർത്തിവെച്ചതിന്റെ കാരണം വ്യക്തമാക്കുമോ;

(ജി) കൂടുതൽ പ്രാവശ്യം കൃഷിചെയ്യുവാൻ സാധിക്കുന്ന ബണ്ട് നിർമ്മിക്കുന്നതിന് ലാന്റ് യൂട്ടിലൈസേഷൻ റൂൾസ് അനുസരിച്ചുള്ള അനുമതി വാങ്ങേണ്ടതുണ്ടോ?

ഉത്തരം

(എ) ആരംഭിച്ചു.

(ബി) 12,43,559/- രൂപയ്ക്ക്

(സി) 31.3.2000 ത്തിൽ

(ഡി) നിർത്തിവയ്ക്കാൻ വാക്കാൽ നിർദ്ദേശം നൽകിയിരുന്നു.

(ഇ) 3 ദിവസത്തെ പണി.

(എഫ്) കോട്ടയം തഹസിൽദാരുടെ വാക്കാലുള്ള നിർദ്ദേശപ്രകാരമാണ് പണി നിർത്തിവച്ചത്.

(ജി) ജലസേചനം നടത്തുന്നതിനു ഉദ്ദേശിച്ചുകൊണ്ടുള്ള ബണ്ടു നിർമ്മാണങ്ങൾക്ക് അനുമതി വാങ്ങേണ്ടതില്ല.

(1862) മണിയാർ അണക്കെട്ട്

ശ്രീ. രാജു എബ്രഹാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഐ.പി മണിയാർ അണക്കെട്ട് കാർബോറാണ്ടം കമ്പനിക്ക് വിട്ടുകൊടുക്കുവാൻ രൂപം നൽകിയ കരാറിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) അണക്കെട്ടിൽ നിന്നും വരൾച്ചക്കാലത്ത് വൈദ്യുതി ഉൽപ്പാദനത്തിന് ജലം ഉപയോഗിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എത്ര ഗ്യാലൻ ജലമാണ് വേനൽകാലത്ത് പത്തനംതിട്ട ജില്ലയിലെ പാടശേഖരങ്ങൾക്ക് നൽകേണ്ടത്;

(ഡി) 1998-99-ൽ ഗ്യാലൻ ജലമാണ് വേനൽകാലത്ത് കൃഷിക്കാർക്ക് നൽകിയത്;

(ഇ) മണിയാർ ഡാമിന്റെ സുരക്ഷിതത്വത്തെ സംബന്ധിച്ച ഡാം സേഫ്റ്റി കമ്മിഷൻ നടത്തിയിരിക്കുന്ന പഠനങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(എഫ്) ഡാം തകർന്നാൽ മുങ്ങിപ്പോകുന്ന പ്രദേശങ്ങൾ ഏതൊക്കെ?

ഉത്തരം

(എ) പി.ഐ.പി വക മണിയാർ ബാരേജ് കാർബോറാണ്ടം കമ്പനിക്ക് വിട്ടുകൊടുത്തിട്ടില്ല. എന്നാൽ ജലസേചന ആവശ്യത്തിനുവേണ്ട ജല

LIBRARY ARCHIVES Kerala Legislative Assembly